**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1593** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>മെഡിക്കൽ കോളേജുകളിലും മറ്റ് ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികളോടുള്ള ക്രൂരതകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** 2016 ഏപ്രിൽ ഒന്ന് മുതൽ 2026 മാർച്ച് 31 വരെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികളിൽ ആത്മഹത്യ ചെയ്തവരുടെയും, സംശയാസ്പദമായ രീതിയിൽ മരണപ്പെട്ടവരുടെയും വിശദവിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു.

**(ബി)** മെഡിക്കൽ കോഴ്സുകളിൽ ഇന്റേണൽ മാർക്ക്, പ്രാക്ടിക്കൽ പരീക്ഷകളിലെ ഫലം എന്നിവ ഏകപക്ഷീയമായി അധ്യാപകർ മാത്രം നിർണയിക്കുന്ന രീതിക്ക് മാറ്റം വരുത്താൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നാഷണൽ മെഡിക്കൽ കമ്മീഷൻ ഗൈഡ് ലൈൻസ്, സർവകലാശാല റെഗുലേഷൻ എന്നിവ പ്രകാരം കോളേജുകളെയാണ് ഇന്റേണൽ അസ്സസ്സ്മെന്റ് നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

പാർട്ട് കംപ്ലീഷൻ ടെസ്റ്റ്, പ്രിലിംസ് പരീക്ഷകൾ, സെമിനാറുകൾ/മ്യൂസിയം പഠനം/ലൈബ്രറി അസൈൻമെന്റുകൾ/ലോഗ് ബുക്ക്/ ജേണൽ (റെക്കോർഡ് ബുക്ക്)/സർട്ടിഫൈ ചെയ്യാവുന്ന നൈപുണ്യ അധിഷ്ഠിത കഴിവുകൾ/AETCOM Competencies/SVL ലാബ് പ്രവർത്തനം തുടങ്ങി വിവിധ ഘടകങ്ങൾ പരിശോധിച്ച്, ക്രോഡീകരിക്കുകയും ചെയ്ത മാർക്കുകളും ഉൾപ്പെടുത്തിയാണ് ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്ക് കണക്കാക്കുന്നത്.

**(സി)** 2021 ഏപ്രിൽ ഒന്ന് മുതൽ 2026 മാർച്ച് 31 വരെ സംസ്ഥാനത്തെ സർക്കാർ, സ്വകാര്യ മെഡിക്കൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികളിൽ കോഴ്സ് പൂർത്തിയാക്കാതെ പഠനം നിർത്തിയ വിദ്യാർഥികളുടെ എണ്ണം വർഷം, കോഴ്സ് , സ്ഥാപനം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു.

**(ഡി)** ഹൗസ് സർജന്മാർ, പി. ജി വിദ്യാർത്ഥികൾ തുടങ്ങിയവർക്ക് ജോലി ചെയ്യുന്നതിന് പ്രതിദിനം നിശ്ചിത സമയം നിഷ്കർഷിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** എല്ലാ പി.ജി വിദ്യാർത്ഥികളേയും ഫുൾ ടൈം റസിഡന്റ് എന്ന രീതിയിലാണ് പരിഗണിക്കപ്പെടുന്നത്. എന്നാൽ, പ്രതിദിനം ന്യായമായ സമയപരിധി വരെയും ജോലി ചെയ്യേണ്ടതും, ന്യായമായ അവധിയും വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണെന്ന വ്യവസ്ഥ നിലവിലുണ്ട്. ഹൗസ് സർജന്മാർക്ക് ഒരു വർഷ കാലാവധിക്കുള്ളിൽ ഓരോ ഡിപ്പാർട്ട് മെന്റുകളിൽ നിശ്ചിത ദിവസം ജോലി ചെയ്യണം എന്ന വ്യവസ്ഥയാണ് നിലവിലുള്ളത്. ഹൗസ് സർജന്മാർ, പി.ജി വിദ്യാർത്ഥികൾ തുടങ്ങിയവർക്ക് ജോലി ചെയ്യുന്നതിന് പ്രതിദിനം നിശ്ചിത സമയം പരാമർശിച്ചിട്ടില്ല.

**(ഇ)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികളോട് അധ്യാപകരുടെ ക്രൂരമായ സമീപനവും പ്രതികാര മനോഭാവവും നിരീക്ഷിക്കുന്നതിനും പരാതികൾ സ്വീകരിക്കുന്നതിനും സ്വതന്ത്രമായ സംവിധാനം നിലവിൽ ഉണ്ടോയെന്നും ഇല്ലെങ്കിൽ അത് രൂപീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ മെഡിക്കൽ കോളേജുകളിൽ **Student Support and Guidance Cell, Anti Ragging Cell,** വിദ്യാർത്ഥി പരാതി പരിഹാര സെൽ എന്നിവ പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ പരാതികൾ പരിഗണിക്കുന്നതിനായി സർവകലാശാലാതലത്തിൽ ഒരു പരാതി പരിഹാര സംവിധാനം **(Grievance Redressal Mechanism)** നിലവിലുണ്ട്.വിദ്യാർത്ഥികളിൽ നിന്നും പരാതികൾ ലഭിക്കുന്ന സാഹചര്യത്തിൽ, ബന്ധപ്പെട്ട കോളേജിനോട് വിശദമായ റിപ്പോർട്ട് /കോളേജ് പരാതി പരിഹാര സമിതിയുടെ **(GRCS)** റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുന്നു. കോളേജ് തലത്തിൽ പരിഹരിക്കപ്പെടാത്ത പരാതികൾ സർവകലാശാലാതല പരാതി പരിഹാര സമിതി **(GRC)** പരിഗണിക്കുന്നു. ഈ സമിതി കോളേജ് തല പരാതി പരിഹാര സമിതിയുടെ അപ്പീലധികാരിയായി പ്രവർത്തിക്കുന്നു. കോളേജ് നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയാൽ, വിഷയം പരിശോധിക്കുന്നതിനായി സർവകലാശാല പരാതി പരിഹാര സമിതി യോഗം ചേരുകയും .ചെയർപേഴ്സൺ (പ്രോ വൈസ് ചാൻസലർ )ഓൺലൈൻ യോഗം നടത്തുകയും , പരാതിക്കാരന്റെ ഭാഗത്തുനിന്നുള്ള തെളിവുകൾ എടുക്കുകയും തുടർന്ന്, പ്രതിഭാഗത്തിന് അവരുടെ വാചികവും രേഖാമൂലമുള്ളതുമായ തെളിവുകൾ സമർപ്പിക്കാനുള്ള അവസരം നൽകുകയും ചെയുന്നു.എല്ലാ തെളിവുകളും വാദങ്ങളും പരിശോധിച്ച ശേഷം, പരാതിക്കാരനെയും പ്രതിഭാഗത്തെയും സംബന്ധിച്ച കണ്ടെത്തലുകൾ സമിതി രേഖപ്പെടുത്തുകയും, നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും അനുസരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

**(എഫ്)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികളോട് അധ്യാപകരുടെ ക്രൂരമായ സമീപനവും പ്രതികാര മനോഭാവവും സംബന്ധിച്ച് 2016 മെയ് 1 മുതൽ 2026 മെയ് 31 വരെ ലഭിച്ചിട്ടുള്ള പരാതികളുടെ എണ്ണം കോഴ്സ് , സ്ഥാപനം എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ചുവരുന്നു.

**(ജി)** സംസ്ഥാനത്തെ മെഡിക്കൽ കോളജുകളിലും മറ്റ് ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 2021 ഏപ്രിൽ ഒന്ന് മുതൽ 2026 മെയ് 31 വരെയുള്ള കാലയളവിൽ റാഗിംഗ് നടന്നതായി പരാതികൾ ലഭ്യമായിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരവും റാഗിങ് തടയാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്താണെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** വിവരം ശേഖരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**